## പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 5151.** **23.03.2018 ൽ മറുപടിയ്ക്ക്**

## മലപ്പുറം ജില്ലയിൽ ലഹരി-കഞ്ചാവ് മാഫിയയ്ക്കെതിരെ നടപടി

| ചോദ്യം | | | ഉത്തരം |
|---|---|---|---|
| ശ്രീ.പി.ഉബൈദുള്ള | | | ശ്രീ.ടി.പി.രാമകൃഷ്ണൻ<br>(തൊഴിലും എക്സൈസും വകുപ്പുമന്ത്രി) |
| (എ) | മലപ്പുറം ജില്ലയിൽ ലഹരി-കഞ്ചാവ് മാഫിയയുടെ സ്വാധീനം വർദ്ധിച്ചു വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) | വിദ്യാലയങ്ങൾ കേന്ദ്രീകരിച്ച് പ്രസ്തുത മാഫിയ നടത്തുന്ന പ്രവർത്തനങ്ങൾ കണ്ടെത്തുവാനും ശക്തമായ നിയമനടപടികൾ സ്വീകരിക്കുവാനും തയ്യാറാകുമോ; | (ബി) | ശക്തമായ നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. |
| (സി) | എക്സൈസ് വകുപ്പിന്റെ നേതൃത്വത്തിൽ ഇതുമായി ബന്ധപ്പെട്ട് 2018 ജനുവരി മുതൽ നടത്തിയ പരിശോധനയും തുടർ നടപടികളും വിശദീകരിക്കാമോ; | (സി) | ശക്തമായ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ നടത്തി വരുന്നുണ്ട്. 2018, ജനുവരി മുതൽ മാർച്ച് 15 വരെയുള്ള കാലയളവിൽ ലഹരി, കഞ്ചാവ്, മയക്കുമരുന്ന് എന്നിവയുമായി ബന്ധപ്പെട്ട് 1100 റെയ്ഡുകൾ നടത്തി. 241 അബ്കാരി കേസ്സുകളും 158 എൻ.ഡി.പി.എസ്. കേസ്സുകളും 1100 കോട്പ കേസ്സുകളും കണ്ടെത്തി. അബ്കാരി കേസ്സുകളിൽ 207 പേരെയും എൻ.ഡി.പി.എസ്. കേസ്സുകളിൽ 145 പേരെയും അറസ്റ്റ് ചെയ്ത് മേൽ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ 17.5 ലിറ്റർ ചാരായം, 569.29 ലിറ്റർ വിദേശ മദ്യം, 1175 ലിറ്റർ കോട, 91.8 ലിറ്റർ അരിഷ്ടം, 16 ലിറ്റർ കള്ള്, 69.22 ലിറ്റർ അന്യസംസ്ഥാന മദ്യം, 25.484 കി.ഗ്രാം. കഞ്ചാവ്, 3 കഞ്ചാവ് ചെടി, 0.342 ഗ്രാം ബ്രൗൺ ഷുഗർ, 2.203 ഗ്രാം എൽ.എസ്.ഡി., 50 ഗ്രാം എം.ഡി.എം.എ, 6330 മി.ഗ്രാം ചരസ്, 955 പാക്കറ്റ്/239.4 കി.ഗ്രാം പുകയില ഉല്പന്നങ്ങൾ എന്നിവയും കണ്ടെടുത്തു. ഈ കാലയളവിൽ വിദ്യാലയങ്ങൾ കേന്ദ്രീകരിച്ച് 52 ബോധവത്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കുകയുണ്ടായി. ബോധവത്കരണത്തിന്റെ ഭാഗമായി ലഹരിക്കെതിരെ 'കായിക ലഹരി' എന്ന പരിപാടിയുടെ ഭാഗമായി സംസ്ഥാന |

| | | | |
|---|---|---|---|
| | | | ജില്ലാതല കബഡി മത്സരവും, വോളീബോൾ മത്സരവും നടത്തുകയുണ്ടായി. ജില്ലയിലെ എക്സൈസ് ജീവനക്കാർ നടത്തുന്ന നാടകവും വിവിധ സ്കൂളുകളും കോളേജുകളും കേന്ദ്രീകരിച്ച് എക്സിബിഷൻ, സംഗീതശില്പം, കുട്ടികളുടെ നാടകം, പപ്പറ്റ്ഷോ, സി.ഡി.പ്രദർശനം തുടങ്ങിയ ബോധവത്കരണ പരിപാടികളും നടത്തിവരുന്നു. |
| (ഡി) | ജില്ലയിൽ ലഹരി-കഞ്ചാവ് മാഫിയയുടെ പ്രവർത്തനം നേരിടാൻ പ്രത്യേക സ്ക്വാഡ് രൂപീകരിക്കുന്ന കാര്യം പരിഗണനയിലുണ്ടോ എന്നറിയിക്കാമോ? | | ജില്ലയിൽ എക്സൈസ് എൻഫോഴ്സ്മെന്റ് & ആന്റി നാർക്കോട്ടിക് സ്പെഷ്യൽ സ്ക്വാഡ് രൂപീകരിച്ചിട്ടുണ്ട്. ലഹരി മരുന്ന് ഉപയോഗവും വില്പനയും തടയുവാൻ ശക്തമായ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ ഈ സ്ക്വാഡ് നടത്തി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ